**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2405** **07-07-2022 - ൽ മറുപടിയ്ക്ക്**

**നവകേരളം മിഷൻ കോർഡിനേറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നവകേരളം മിഷൻ കോർഡിനേറ്ററായ ടി.എൻ.സീമയ്ക്ക് ശമ്പളയിനത്തിലും മറ്റ് അലവൻസുകളിലുമായി പ്രതിമാസം എത്ര രൂപയാണ് ധനകാര്യവകുപ്പ് നിശ്ചയിച്ച് നൽകിയിരിക്കുന്നത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (എ) | **നവകേരളം കർമ്മപദ്ധതി-II കോ-ഓർഡിനേറ്ററായ ഡോ.ടി.എൻ.സീമയ്ക്ക് സഞ്ചിത വേതനമായി പ്രതിമാസം 1,66,800/- (ഒരു ലക്ഷത്തി അറുപത്തി ആറായിരത്തി എണ്ണൂറ് രൂപ) രൂപയാണ് ധനകാര്യ വകുപ്പ് നിശ്ചയിച്ച് നൽകിയിട്ടുള്ളത്. ആയത് പ്രകാരം ഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സ.ഉ.(സാധാ) നം.63/2022/പ.നി.വി.നി.വ. തീയതി 28/04/2022 ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.** |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2405**

**07/07/2022-ലെ മറുപടിക്ക്**

**നവകേരളം മിഷൻ കോർഡിനേറ്റർ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ഡോ.മാത്യു കുഴൽനാടൻ (ബഹു. എം.എൽ.എ)** | **കെ.എൻ.ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| (എ) | നവകേരളം മിഷൻ കോർഡിനേറ്ററായ ടി.എൻ.സീമയ്ക്ക് ശമ്പളയിനത്തിലും മറ്റ് അലവൻസുകളിലുമായി പ്രതിമാസം എത്ര രൂപയാണ് ധനകാര്യ വകുപ്പ് നിശ്ചയിച്ച് നൽകിയിരിക്കുന്നത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | നവകേരളം കർമ്മപദ്ധതി-II കോ-ഓർഡിനേറ്ററായ ഡോ.ടി.എൻ.സീമയ്ക്ക് സഞ്ചിത വേതനമായി പ്രതിമാസം 1,66,800/- (ഒരു ലക്ഷത്തി അറുപത്തി ആറായിരത്തി എണ്ണൂറ് രൂപ) രൂപയാണ് ധനകാര്യ വകുപ്പ് നിശ്ചയിച്ച് നൽകിയിട്ടുള്ളത്. ആയത് പ്രകാരം ഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സ.ഉ (സാധാ) നം.63/2022/പ.നി.വി.നി.വ. തീയതി.28/04/2022 ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു . |

Sasidharan

**അക്കൗണ്ട്സ് ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് - നവകേരളം കർമ്മ പദ്ധതി-II കോ-ഓർഡിനേറ്റർ ഡോ.ടി.എൻ.സീമയ്ക്ക് സഞ്ചിത വേതനം നിശ്ചയിച്ച് ഉത്തരവാകുന്നു.

---

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്

സ.ഉ.(സാധാ) നം.63/2022/PIE&MD തീയതി,തിരുവനന്തപുരം, 28-04-2022

---

പരാമർശം:-

1. സ.ഉ (പി) നം.10/2021/പിഇ.എ തീയതി 01.08.2021.
2. സ.ഉ(സാധാ) നം.04/2021/പി.ഐ.ഇ&എം.ഡി തീയതി 03.09.2021.
3. സ.ഉ(പി) നം.02/2021/പി.ഐ.ഇ&എം.ഡി തീയതി 03.12.2021
4. സ.ഉ(സാധാ) നം.04/2022/പി.ഐ.ഇ&എം.ഡി തീയതി 17.01.2022.
5. നവകേരളം കർമ്മപദ്ധതി കോർഡിനേറ്ററുടെ 20.01.2022-ലെ എൻ.കെ.പി/എ2/07/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) ഉത്തരവ് പ്രകാരം നവകേരളം കർമ്മപദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നിലവിലുള്ള നാല് മിഷനുകളായ ലൈഫ്, ആർദ്രം, ഹരിത കേരളം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം (വിദ്യാകിരണം എന്ന് പുനർനാമകരണം ചെയ്തു) എന്നിവയെയും കേരള പുനർനിർമാണ പദ്ധതി (RKI)-യെയും ഉൾപ്പെടുത്തി അവയുടെ ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നവകേരളം കർമ്മപദ്ധതി-II എന്ന പേരിൽ ഒരു ഏകീകൃതമിഷൻ രൂപീകരിച്ചു. പരാമർശം (2) ഉത്തരവ് പ്രകാരം നവകേരള കർമ്മപദ്ധതിയുടെ കോ-ഓർഡിനേറ്ററായി മുൻ പാർലമെന്റ് അംഗം ടി.എൻ.സീമയെ നിയമിച്ച് ഉത്തരവായി. നവകേരളം കർമ്മപദ്ധതി-II യുടെ കോ-ഓർഡിനേറ്റർക്ക പ്രിൻസിപ്പൽ സെക്രട്ടറിക്ക് തുല്യമായ പദവി പരാമർശം (4) നൽകിയിട്ടുള്ള സാഹചര്യത്തിൽ ഉചിതമായ ശമ്പളം നിശ്ചയിച്ച് നൽകണമെന്ന് പരാമർശം (5) കത്ത് പ്രകാരം നവകേരള കർമ്മപദ്ധതി-II കോ-ഓർഡിനേറ്റർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നവകേരളം കർമ്മപദ്ധതി-II കോ-ഓർഡിനേറ്ററായ ഡോ.ടി.എൻ.സീമയ്ക്ക് സഞ്ചിത വേതനമായി പ്രതിമാസം 1,66,800/- (ഒരു ലക്ഷത്തി അറുപത്തി ആറായിരത്തി എണ്ണൂറ് രൂപ) രൂപയായി നിശ്ചയിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. കോ-ഓർഡിനേറ്റർ, നവകേരള കർമ്മ പദ്ധതി-II, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ്(1934890-EXP-B/361/2021-FIN)
4. പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ഡയറക്ടറുടെ പി.എ.യ്ക്ക്
5. പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
6. കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്